# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2710 18.08.2017- ൽ മറുപടിക്ക്

## ഹയർ സെക്കന്ററി അധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത പ്രശ്നം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നാല് വർഷമായി ജോലിയിൽ പ്രവേശിച്ച 2500 ൽ പരം ഹയർ സെക്കന്ററി അധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത പ്രശ്നം എങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ; | (എ) & (ബി ) 2014-2015 അധ്യായന വർഷം അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും / അധിക ബാച്ചുകളിലും തസ്തിക അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ രണ്ട് പ്രാവശ്യമായി പുതിയ ബാച്ചുകൾ അനുവദിച്ചത് ഒറ്റ ഉത്തരവ് പ്രകാരമാണെങ്കിലും അധ്യാപക തസ്തിക സൃഷ്ടിച്ചിരിക്കുന്നത് സർക്കാർ സ്കൂളുകളിൽ മാത്രമാണ്. എയ്ഡഡ് മേഖലയോടുള്ള ഈ വിവേചനം പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | |

| | | | |
|---|---|---|---|
| സി) | സ്ഥിരനിയമനവും തസ്തിക സൃഷ്ടിക്കലും വൈകുന്നതോടെ പ്രായപരിധി കവിഞ്ഞ് നിയമനം നേടാൻ പല അദ്ധ്യാപകർക്കും സാധിക്കാത്തതും പ്രമോഷൻ വഴി എച്ച്.എസ്.എ.യിൽ നിന്നും എച്ച്.എസ്.എസ്.റ്റി. യിലേക്ക് മറ്റ് അധ്യാപകർ വരുന്നതുമടക്കം ഈ അധ്യാപകർ അഭിമുഖീകരിക്കുന്ന പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | പ്രായപരിധിയിൽ ഇളവു നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ